(ബി) ഒരേ തൊഴിലാളി തന്നെ വിവിധ ക്ഷേമനിധി ബോർഡുകളുടെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

88 (2778) തിയേറ്റർ തൊഴിലാളികളുടെ മിനിമംകൂലി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ സിനിമാ തിയേറ്ററുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) തിയേറ്റർ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ട് എത്ര വർഷമായി;

(സി) മിനിമം കൂലി പുതുക്കി നിശ്ചയിക്കാനുള്ള കമ്മിറ്റിയുടെ നിർദ്ദേശം ലഭിച്ചുവോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത്;

(ഇ) മിനിമം വേജസ് കമ്മിറ്റിയുടെ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) 9000 നും 10,000 നും ഇടയ്ക്ക് തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കിയിരിക്കുന്നു.

(ബി) 12 വർഷമായി.

(സി) ലഭിച്ചു.

(ഡി)&(ഇ) കമ്മിറ്റി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുവാനുള്ള ഡ്രാഫ്റ്റ് തയ്യാറാക്കി വരുന്നു.

89 (2780) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിർമ്മാണ തൊഴിലാളിക്ഷേമനിധി ബോർഡ് നിർമ്മാണ തൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly